എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 06 | 2022 ജൂൺ 05



## സമസ്ത മേഖലകളിലേയും ഊർജ്ജകാര്യക്ഷമത മെച്ചപ്പെടുത്താൻ കർമ്മപദ്ധതി തയ്യാറാകുന്നു

സംസ്ഥാനത്തിലെ സമസ്ത മേഖലകളിലേയും ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുവാനു ള്ള പ്രവർത്തനങ്ങൾ ഏകോപിപ്പി ച്ച് നടപ്പിലാക്കുന്നതിനായുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതി നുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻ സിയും എനർജി മാനേജ്മെന്റ് സെന്ററും ചേർന്നാണ് കർമ്മ പദ്ധതി തയ്യാറാക്കുന്ന പ്രവർത്ത നങ്ങൾ എകോപിക്കുന്നത്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇന്റസ്ട്രീസ് (CII) ആണ് പഠന പ്രവർത്തനങ്ങൾ നടത്തി കർമപദ്ധതി തയ്യാറാക്കുന്നത്.

ഇതിന്റെ ഭാഗമായി 2022 മെയ് 9 ന് സ്റ്റേക്ക് ഹോൾഡർമാരുടെ കൂടിയാലോചനായോഗം സംഘടി പ്പിച്ചു.

പ്രസ്തുത യോഗത്തിൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ ആമുഖ പ്രഭാഷണം നടത്തി, സി.ഐ.ഐ സീനിയർ കൺസൾട്ടന്റ് ശ്രീമതി. നിഷ ജയറാം വിഷയാവതരണം നടത്തി. ഇതിനെത്തുടർന്ന് വിശദ മായ ചർച്ചയും നടന്നു. പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നായി 45 പ്രതിനിധികൾ പങ്കെടുത്തു.

ഇതിനെ തുടർന്ന് 2022 മെയ് 13 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ ഉന്നത തല നിർവ്വാഹക സമിതി യോഗവും സംഘടിപ്പിച്ചു. യോഗത്തിൽ എല്ലാ പ്രധാന ഡിപ്പാർമെന്റുകളിലേയും സെക്രട്ടറി മാരും പ്രതിനിധികളും പങ്കെടുത്തു.







## എനർജി മാനേജ്മെന്റ് സെന്ററിൽ 2022 ജൂൺ മാസം



| | |
|---|---|
| 8,9,10 | എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് എന്ന വിഷയത്തിൽ പരിശീലനം |
| 15,16 | എനർജി ട്രാൻസിഷൻ ഇൻ കേരള - സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ് |
| 22 | ക്ലീൻ എനർജി ഇന്നൊവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ലോഞ്ച് |
| 22,23 | ഇ.എം.സി റിസോഴ്സ് പേഴ്സൺ ശിൽപ്പശാല |
| 22,23,24 | ചെറുകിട ജലവൈദ്യുത നയവുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ് |

# പി.ഡബ്ല്യു.ഡി ആർക്കിടെക്റ്റുകൾക്കായി പരിശീലനപരിപാടി സംഘടിപ്പിച്ചു

എനർജി മാനേജ്മെൻ്റ് സെൻ്ററിൽ പ്രവർത്തിക്കുന്ന എനർജി എഫിഷെൻ്റ് ബിൽഡിംഗ് (ഇ.ഇ.ബി) സെല്ലിൻ്റെ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് പ്രകാരം കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നത് സംബന്ധിച്ച് പി.ഡബ്ല്യു.ഡിയിലെ തിരഞ്ഞെടുക്കപ്പെട്ട ആർക്കിട്ടെക്റ്റുകൾക്കായി തീവ്രപരിശീലനപരിപാടി സംഘടിപ്പിച്ചു. 2022 മാർച്ച് 24 മുതൽ 27 വരെയുള്ള തീയതികളിലായി തിരുവനന്തപുരം പബ്ലിക് ഓഫീസ് സമുച്ചയത്തിൽ വെച്ചാണ് പരിശീലനം സംഘടിപ്പിച്ചത്.




പരിശീലന പരിപാടി ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ സീനിയർ ടൌൺ പ്ലാനർ ശ്രീ. രാജേഷ് പി.എൻ. മുഖ്യപ്രഭാഷണം നടത്തി, പി.ഡബ്ല്യു.ഡി സീനിയർ ആർക്കിടെക്റ്റ് ശ്രീ. റോയ് ലെസ്‌ലി ചടങ്ങിന് സ്വാഗതവും, ഇ.എം.സി ജോയിൻ്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ.എൻ. നന്ദിയും പറഞ്ഞു.

പരിശീലനത്തിന് ശേഷവും ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാഹചര്യങ്ങളിൽ വേണ്ട സാങ്കേതിക സഹായങ്ങളും നിർദ്ദേശ്ശങ്ങളും ഇ.ഇ.ബി സെൽ മുഖേന നൽകുന്നതാണ്.

ഭാവിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റ പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർക്കും ഇതേ രീതിയിൽ പരിശീലനം നൽകുവാൻ ഇ.എം.സി തീരുമാനിച്ചിട്ടുണ്ട്.

# Renewable Hydrogen Production Method; New research at NREL

**H**ydrogen has emerged as an important carrier to store energy generated by renewable resources, as a substitute for fossil fuels used for transportation, in the production of ammonia, and for other industrial applications.




The scientists at National Renewable Energy Laboratory (NREL) analyzed an emerging water-splitting technology called solar thermochemical hydrogen (STCH) production, which can be potentially more energy efficient than producing hydrogen via the commonly used electrolysis method. STCH relies on a two-step chemical process in which metal oxides are exposed to temperatures greater than 1,400 degrees Celsius and then re-oxidized with steam at lower temperatures to produce hydrogen.

The scientists noted that active research to identify the best materials for the STCH process is critical to the success of this method for hydrogen production.

For more: shorturl.at/cjAEI

# ക്ലീൻ എനർജി ഇന്നവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്റർ; പ്രാരംഭയോഗം സംഘടിപ്പിച്ചു



**കേ**രളത്തിൽ ക്ലീൻ എനർജി ഇന്നവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ (CEIBIC) പ്രാരംഭയോഗം 2022 മെയ് 24 ന് ഓൺലൈനായി സംഘടിപ്പിച്ചു.

കേരളത്തിൽ ഹരിതോർജ്ജ സാങ്കേതിക വിദ്യകളുടെ വികസനവും, വ്യാപനവും അതിനായുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കലുമാണ് CEIBIC ന്റെ പ്രവർത്തന ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട് 2022 ഫെബ്രുവരി 1 ന് എനർജി മാനേജ്മെന്റ് സെന്ററും, കെ-ഡിസ്കും, ക്ലീൻ എനർജി ഇൻകുബേഷൻ സെന്ററും ചേർന്ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

പ്രാരംഭയോഗത്തിന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതം ആശംസിച്ചു, ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ ആശംസ അർപ്പിച്ചു, ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജി. ഗണേഷ് ദാസ്, സോഷ്യൽ ആൽഫ ഡയറക്ടർ ശ്രീ. ജേക്കബ് പൗലോസ് എന്നിവർ സംരഭം സംബന്ധിച്ച അവതരണം നടത്തി. കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി ഉണ്ണികൃഷ്ണൻ യോഗം ഉപസംഹരിച്ച് സംസാരിച്ചു.

# ജലസേചന രംഗത്തെ ഊർജ്ജ കാര്യക്ഷമത; പ്ലമ്പർമാർക്കും ടെക്നീഷ്യൻമാർക്കുമുള്ള പരിശീലനം സംഘടിപ്പിച്ചു





**ജ**ലസേചന രംഗത്തെ ഊർജ്ജ കാര്യക്ഷമത വിഷയമാക്കി പ്ലമ്പർമാർക്കും ടെക്നീഷ്യൻ മാർക്കുമുള്ള പരിശീലനം സംഘടിപ്പിച്ചു. പാലക്കാട് സൈമൺ സെന്റർ കല്യാണ മണ്ഡപത്തിൽ വച്ച് 2022 മെയ് 6 നാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയിൽ 100 ൽ അധികം ടെക്നീഷ്യൻമാരും കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവരും പങ്കെടുത്തു.

പാലക്കാട് മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി. പ്രിയ അജയൻ പരിശീലനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന യോഗത്തിന് ഇ.എം.സിയിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ അദ്ധ്യക്ഷത വഹിച്ചു, യോഗത്തിന് ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റ് ശ്രീ. ഇജാസ്. എം.എ. സ്വാഗതം ആശംസിച്ചു, കേരള ഇലക്ട്രിക്കൽ ട്രേഡേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. സുരേന്ദ്രൻ വി ആർ യോഗത്തിന് നന്ദിയും പറഞ്ഞു.

രണ്ട് സാങ്കേതിക അവതരണങ്ങളാണ് ഉണ്ടായിരുന്നത്. കാര്യക്ഷമമായ പമ്പുകളുടെ തിരഞ്ഞെടുപ്പും ഉപയോഗവും എന്ന വിഷയത്തിൽ ടെക്സ്മോ പമ്പ്സ് സീനിയർ എഞ്ചിനീയർ ശ്രീ. ജി പ്രസാദ്, പ്ലമ്പിംഗ് രീതിയും ഊർജ്ജ കാര്യക്ഷമതയും എന്ന വിഷയത്തിൽ അസ്ട്രാൽ ലിമിറ്റഡ് സീനിയർ എരിയ മാനേജർ ശ്രീ. എം പ്രകാശ് എന്നിവർ സാങ്കേതിക അവതരണങ്ങൾ നടത്തി.

മറ്റു ജില്ലകളിലെ പ്ലമ്പർമാർക്കും ടെക്നീഷ്യൻമാർക്കുമുള്ള പരിശീലനം വരും ദിവസങ്ങളിൽ സംഘടിപ്പിക്കും.



# ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതി; സംരംഭകരെ ക്ഷണിക്കുന്നു

**കേ**രളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സക്കാർ സംരഭകരെ ക്ഷണിക്കുന്നു. ബിൽഡ് ഓൺ ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (BOOT) അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനായാണ് സംരഭകരെ ക്ഷണിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിൽ സംരഭകരുടെ സാങ്കേതിക, സാമ്പത്തിക യോഗ്യത പരിശോധിക്കുകയാണ് ചെയ്യുന്നത്. ഇതിനായുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) എനർജി മാനേജ്മെന്റ് സെന്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2022 ആഗസ്റ്റ് 25 ന് മുൻപായി നിക്ഷേപകർക്ക് അപേക്ഷ സമർപ്പിക്കാം. ഇതിന്റെ ഭാഗമായുള്ള പ്രി ബിഡ് മീറ്റിംഗ് 2022 ജൂൺ 16 ന് ഓൺലൈനായി സംഘടിപ്പിക്കും.

കേരളത്തിൽ കണ്ടെത്തിയിട്ടുള്ള 86.69 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുന്ന 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനാണ് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ ക്ഷണിച്ചിട്ടുള്ളത്.

സ്വകാര്യ സംരഭകർക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതിയുടെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാം. 30 വർഷത്തെ ബൂട്ട് കാലയളവിലേക്കാണ് പദ്ധതികൾ അനുവദിക്കുന്നത്. ബൂട്ട് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി സർക്കാരിന് കൈമാറും.

കുടുതൽ വിവരങ്ങൾക്ക്: www.keralaenergy.gov.in – Tenders. ഫോൺ: 9400068321.

# ഊർജ്ജ സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കായി ക്ലാസും ക്വിസ്സ് മത്സരവും

**ഊ**ർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്കൂൾ വിദ്യാർത്ഥികൾക്കായി ഏകദിന ക്ലാസും ക്വിസ്സ് മത്സരവും 2022 മെയ് 13 ന് സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തിരുവനന്തപുരം സെൻട്രൽ ലൈബ്രറിയിൽ വച്ച് നടത്തി വരുന്ന സമ്മർ ക്യാമ്പിലാണ് പരിപാടി സംഘടിപ്പിച്ചത്.

ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റുമാരായ ശ്രീ. അനൂപ് സുരേന്ദ്രൻ, ശ്രീ. ഇജാസ് എം എ എന്നിവർ ക്ലാസ്സ് നയിച്ചു. ക്ലാസുകളെത്തുടർന്ന് ക്വിസ്സ് മത്സരവും നടത്തി. മത്സരത്തിലെ വിജയികൾക്ക് ഇ.എം.സിയിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മാനദാനചടങ്ങിന് തിരുവനന്തപുരം സെൻട്രൽ ലൈബ്രറി രജിസ്ട്രാർ ശ്രീ. അശോക് അദ്ധ്യക്ഷത വഹിച്ചു.











Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256